

നന്മ
കുട്ടികൾക്കായുള്ള
ക്രിസ്തീയ ത്രൈമാസി
വിജയത്തിന്റെ പിന്നിൽ
കിങ്ങിണി തത്തയും
കണ്ടൻ പൂച്ചയും
സമയമാം
രഥത്തിൽ....
For Private Circulation only
A Church of God Kerala State Sunday School Department Publication

# ജന്മദിനാശംസകൾ...

HAPPY BIRTHDAY

Sam P. Salu



Abhiya Merin Binoy



Shifa Shajan



Praison Biju



നിങ്ങളുടെ കുരുന്നുകളുടെ ചിത്രങ്ങൾ അടുത്ത ലക്കം ഈ പേജിൽ ഉൾപ്പെടുത്താവുന്നതാണ്.

HAPPY BIRTHDAY



# നന്മയുടെ പൂക്കാലം വരവായി

വളരെ നാളുകളിലെ ആഗ്രഹം, പ്രാർത്ഥന, അഭ്യുദയകാംക്ഷികളുടെ പ്രോത്സാഹനം ഇവയെല്ലാം ഇവിടെ സാക്ഷാത്കരിക്കുകയാണ്. കുട്ടികൾക്കായി ഒരു മാസിക എന്ന ആശയത്തിന് ദൈവസഭയുടെ സൺഡേസ്കൂൾ ബോർഡിന്റെ അംഗീകാരത്തിനു ശേഷം കൃത്യം ഒരു മാസം. ഒരു ഭഗീരഥപ്രയത്നത്തിനൊടുവിൽ "നന്മ" പുറത്തിറങ്ങുകയാണ്.

സ്നേഹത്തിന്റെ പുതിയൊരു കൂട്ടായ്മ, അറിവിന്റെ പുതിയൊരു അദ്ധ്യായം. ഹൃദയത്തിലും പ്രവർത്തികളിലും നന്മയുള്ളവരായി മാറുവാൻ ഇതാ ഒരുഗ്രൻ സമ്മാനം. ഒത്തിരി രസികൻ വിഭവങ്ങൾ നമ്മെ കാത്തിരിപ്പുണ്ട്, കഥകളും കവിതകളും, കളികളും കൂടെ വിജ്ഞാനവും.

സർഗസൃഷ്ടികൾ നൽകിയവർ, ചിത്രരചന നടത്തിയവർ, നിറം പകർന്നവർ, ഗ്രാഫിക് ഡിസൈനിംഗ് ചെയ്തവർ, അങ്ങനെ ഒരുപാടു പേർ നന്ദി അർഹിക്കുന്നു. സ്റ്റേറ്റ് സെക്രട്ടറി പ്രൊഫ. ബ്ലെസൺ ജോർജ് ആശയങ്ങൾകൊണ്ടും സൺഡേസ്കൂൾ ബോർഡ് അംഗീകാരം കൊണ്ടും നന്മയോടൊപ്പം ഉണ്ടായിരുന്നു.

ഒരു ത്രൈമാസിക എന്ന നിലയിൽ പുറത്തിറങ്ങുവാൻ ആഗ്രഹിക്കുന്ന നന്മയുടെ പിന്നിൽ, സമയവും പണവും, മുടക്കേണ്ടതുണ്ട്. ഇതിന്റെ വായനക്കാരാണ് നന്മ ഇനി പുറത്തിറങ്ങണോ എന്ന് തീരുമാനിക്കുന്നത്. നിങ്ങളുടെ അഭിപ്രായം, നിർദ്ദേശം, പ്രോത്സാഹനം, ക്രിയാത്മക വിമർശനങ്ങൾ എന്നിവ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

സൺഡേസ്കൂൾ കുട്ടികളാണ് നന്മയുടെ ഉപയോക്താക്കൾ. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയാൻ ആഗ്രഹമുണ്ട്. എഴുതുമല്ലോ. ഒപ്പം നിങ്ങളുടെ സർഗസൃഷ്ടികളും ഞങ്ങൾക്ക് അയച്ചു തരിക.

ക്രിസ്തുവിൽ സ്നേഹത്തോടെ

**പാസ്റ്റർ സാലു വർഗീസ്**
*സൺഡേസ്കൂൾ സ്റ്റേറ്റ് കോഓർഡിനേറ്റർ*

*വിലാസം:* **നന്മ, സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട് സിയോൻ, മുളക്കുഴ 689 505**



# കിങ്ങിണി തത്തയും കണ്ടൻ പൂച്ചയും

ഒരിടത്തൊരിടത്തൊരു പൂച്ചയുണ്ടായിരുന്നു; ഒരു കണ്ടൻ പൂച്ച.

ഒരു ദിവസം നമ്മുടെ കണ്ടൻ പൂച്ച നടന്നു പോകുമ്പോൾ മരക്കൊമ്പത്തിരിക്കുന്ന ഒരു തത്തയെ കണ്ടു. തത്തയുടെ പേരെന്തെന്നറിയാമോ? കിങ്ങിണി തത്തമ്മ. കിങ്ങിണി തത്തമ്മയെ കണ്ടപ്പോൾ കണ്ടൻ പൂച്ചയ്ക്ക് ഭയങ്കര കൊതിയായി. പക്ഷെ തത്തമ്മ മരകൊമ്പത്താണ് ഇരിപ്പ്. പിടിക്കാൻ ചെന്നാൽ പറന്നു പോവുകയും ചെയ്യും. തത്തമ്മയെ പിടിക്കാൻ എന്താണൊരു വഴി? കണ്ടൻ പൂച്ച തലപുകഞ്ഞാലോചിക്കാൻ തുടങ്ങി.

പിറ്റേദിവസം കിങ്ങിണി തത്തമ്മ മരക്കൊമ്പത്തിരിക്കയായിരുന്നു. അപ്പോഴതാ ഒരു മണിയടി ശബ്ദം കേൾക്കുന്നു :

'ണ് ണിം ..ണ് ണീം ..'

കിങ്ങിണി തത്തമ്മ നോക്കിയപ്പോഴുണ്ട് നമ്മുടെ കണ്ടൻ പൂച്ച, തലയിൽ തുവർത്ത് കൊണ്ടൊരു കെട്ടും കെട്ടി; കൈലിയും ബനിയനും ഇട്ട് ഒരു കൈവണ്ടി തള്ളികൊണ്ട് വരുന്നു. വണ്ടിയിൽ എന്താണെന്നറിയണ്ടേ കൂട്ടുക്കാരേ? നിറച്ചും പലവിധത്തിലുള്ള പഴങ്ങൾ! പഴങ്ങൾ കണ്ടപ്പോൾ തത്തമ്മയുടെ വായിൽ വെള്ളമൂറി. കണ്ടൻ പൂച്ച തത്തമ്മയുടെ മരത്തിനടുത്തു എത്തിയപ്പോൾ വണ്ടി നിർത്തി ചോദിച്ചു:

'സുന്ദരി തത്തമ്മേ .. നിനക്ക് പഴം വേണ്ടേ?'

'പഴത്തിനെന്താ വില?'

'പഴത്തിന് വളരെ വിലക്കുറവാ. ഒരു പഴത്തിനു രണ്ടു തൂവൽ മാത്രം !'

തത്തമ്മ തന്റെ ശരീരത്തിലേയ്ക്ക് നോക്കി. ദേഹം നിറച്ചും തൂവലുണ്ട്. രണ്ടു തൂവൽ പോയാലെന്താ. മേലനങ്ങാതെ പഴം തിന്നാമല്ലോ. തത്തമ്മ രണ്ടു തൂവൽ കൊടുത്തു പഴം വാങ്ങി. പോകാൻ നേരം കണ്ടൻ പൂച്ച പറഞ്ഞു:

'തത്തമ്മേ ഞാനെന്നും പഴം കൊണ്ടു വരാം. തത്തമ്മ ഇനി പഴം തേടി എങ്ങും പോയി ബുദ്ധിമുട്ടേണ്ട.'

'ശരി..ശരി. നാളെയും വരണേ ..' തത്തമ്മ സമ്മതിച്ചു.

പിറ്റേന്ന് മുതൽ കണ്ടൻ പൂച്ച പഴം കൊണ്ടു വരാൻ തുടങ്ങി. തത്തമ്മയ്ക്ക് നല്ല സുഖം. പഴം തേടി മരങ്ങളും, തോട്ടങ്ങളും അലയേണ്ട. ഇഷ്ടമുള്ള പഴം മുൻപിലെത്തും. വയറു നിറച്ചു കഴിക്കയും ചെയ്യാം. ഹാ.. ഹാ.. എന്ത് രസം.! തത്തമ്മ സന്തോഷം കൊണ്ട് മതി മറന്നു.

ഇങ്ങനെ ചില ദിവസങ്ങൾ കഴിഞ്ഞു. തത്തമ്മയുടെ ശരീരത്തിന് ഭാരം കൂടി. ശരീരത്തിലെ തൂവലുകളുടെ എണ്ണം കുറഞ്ഞു തുടങ്ങി. ഇപ്പോൾ മുകളിലോട്ടു കാര്യമായിട്ട് പറക്കാൻ പറ്റുന്നില്ല. താഴത്തെ കൊമ്പത്താണ് ഇരിപ്പ്.

ഒരു ദിവസം കണ്ടൻ പൂച്ച വരാൻ വൈകി. തത്തമ്മയ്ക്കു വിശപ്പ് സഹിക്കാൻ പറ്റാതായി. ഒടുവിൽ, കണ്ടൻ പൂച്ചയെ കണ്ടപ്പോൾ തത്തമ്മ ദേഷ്യത്തോടെ ചോദിച്ചു:

'എന്തെ പൂച്ചേ.. ഇന്ന് വൈക്യേ..?'

കണ്ടൻ പൂച്ച വളരെ വിഷമത്തോടെ പറഞ്ഞു:

'എന്റെ പൊന്നു തത്തമ്മേ ..എന്നോട് ക്ഷമിക്കണം. പഴത്തിനൊക്കെ വില കൂടി. തത്തമ്മ പട്ടിണി കിടക്കൂലോ എന്ന് കരുതി മാത്രം ഞാൻ വന്നതാ.. ഇന്ന് മുതൽ പഴത്തിനു അഞ്ചു തൂവൽ തരണം.'

'അഞ്ചു തൂവലോ?' തത്തമ്മ തന്റെ ശരീരത്തിലേക്ക് നോക്കി. തൂവലെല്ലാം കുറഞ്ഞിരിക്കുന്നു. പക്ഷെ പഴം തിന്നാതിരിക്കാനും വയ്യ. ഒടുവിൽ തത്തമ്മ അഞ്ചു തൂവൽ പറിച്ചു കൊടുത്ത് പഴം വാങ്ങി തിന്നു. ഇങ്ങനെ കുറച്ചു ദിവസങ്ങൾ കൂടി കഴിഞ്ഞു. ഇപ്പോൾ തത്തമ്മയുടെ ശരീരത്തിലെ തൂവലെല്ലാം പോയ്യി. തടിയും കൂടി; പറക്കാനും വയ്യ. ഏറ്റവും താഴത്തെ കൊമ്പിലാണ് ഇപ്പോഴത്തെ ഇരിപ്പ്.

അന്ന് കണ്ടൻ പൂച്ച വന്നപ്പോൾ തത്തമ്മ പറഞ്ഞു : ' കണ്ടൻ പൂച്ചേ.. കണ്ടൻ പൂച്ചേ.. എന്റെ തൂവലെല്ലാം പോയി. ഇനി പുതിയ തൂവൽ മുളയ്ക്കുന്നത് വരെ നീ എനിക്കു പഴം കടം തരണം.'

കണ്ടൻ പൂച്ച ചിരിച്ചുകൊണ്ട് പറഞ്ഞു:

'ഹി..ഹി..ഹി.. നിനക്ക് ഇഷ്ടമുള്ള പഴം വയറു നിറയെ ഫ്രീയായിട്ട് കഴിച്ചോ..'

'ഫ്രീയായിട്ടോ?' തത്തമ്മ അതിശയിച്ചു.

"ഹി..ഹി.. ഹി.. അതെ; ഫ്രീയായിട്ട് തന്നെ. എടീ മണ്ടി തത്തമ്മേ .. നീയിനി എന്റെ വയറ്റിലോട്ടാ പോകുന്നത്. ഇതിനു വേണ്ടിയല്ലേ ഞാനിത്ര കഷ്ടപെട്ടത്. ഹ..ഹാ..ഹ..'

പാവം തത്തമ്മ! അപ്പോൾ മാത്രമാണ് തനിക്കു പറ്റിയ അമളി മനസ്സിലാക്കിയത്. അത് പറന്നു പോകുവാൻ ശ്രമിച്ചു. പക്ഷേ..

അതിനു മുൻപേ കണ്ടൻ പൂച്ച അതിന്റെ മേൽ ചാടി വീണു കടിച്ചു കീറി കൊന്നു തിന്നു കളഞ്ഞു!

കൂട്ടുക്കാരെ.. പിശാചും ഇതുപോലെയാണ്. അവൻ കൊച്ചു കൊച്ചു വിഷയങ്ങളും, സൂത്രങ്ങളുമായി വന്നു ദൈവവുമായുള്ള ബന്ധത്തിൽ നിന്നും നമ്മെ അകറ്റും. പിന്നെ മെല്ലെ മെല്ലെ അവന്റെ അടിമയാക്കി നമ്മെ നരകത്തിലേക്ക് നടത്തും. അങ്ങനെ സംഭവിക്കാൻ ഇടം കൊടുക്കരുത്.

ദൈവവചനം പറയുന്നു: 'പിശാചിനോട് എതിർത്ത് നിൽപ്പിൻ. എന്നാൽ അവൻ നിങ്ങളെ വിട്ടോടിപ്പോകും. ദൈവത്തോട് അടുത്ത് ചെല്ലുവിൻ. എന്നാൽ അവൻ നിങ്ങളോട് അടുത്ത് വരും. (യാക്കോബ് 4:7,8)

അതുകൊണ്ട് പിശാചിനെ അകറ്റി, ദൈവത്തോട് ചേർന്ന് അവിടുത്തെ ഇഷ്ടം ചെയ്യുന്ന ദൈവമക്കളായി നമുക്ക് തീരാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

**ബിജു പോർക്കുളം**

# വിജയത്തിന്റെ പിന്നിൽ

കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഓസ്ട്രേലിയായിലെ മെൽബണിൽ ജീവിച്ച മാതാപിതാക്കൾക്ക് ഒരു പൈതൽ ജനിച്ചു. ജനനസമയത്ത് സമീപത്തുണ്ടായിരുന്ന ഡോക്ടറും നേഴ്സും ജനിച്ച ശിശുവിനെ കണ്ട് ഒന്നു ഞെട്ടി. കാരണം ആ കുഞ്ഞിന് കൈകളും, കാലുകളുമില്ല.

"ഈ അമ്മയോട് നമ്മളിതെങ്ങനെ പറയും, ഓമനകുഞ്ഞിന്റെ ജനനം പ്രതീക്ഷിച്ചു കിടന്ന ഈ അമ്മയിതെങ്ങനെ സഹിക്കും." നേഴ്സും ഡോക്ടറും തമ്മിൽ പറഞ്ഞു.

യാഥാർത്ഥ്യത്തെ അംഗീകരിച്ചേ പറ്റൂ. വളരെ തന്മയത്വത്തോടെ ഡോക്ടർ ആ അമ്മയോട് ജനിച്ച ശിശുവിന്റെ വൈകല്യത്തെപ്പറ്റി പറഞ്ഞ് അമ്മയുടെ കരങ്ങളിലേക്ക് ആ പിഞ്ചു കുഞ്ഞിനെ കൊടുത്തു.

"ദൈവമെ നന്ദി" എന്നു പറഞ്ഞ് കുഞ്ഞിന്റെ മുഖത്ത് അവളൊരുമ്മ കൊടുത്തു.

ആശുപത്രിയിൽ നിന്നും വീട്ടിൽ മടങ്ങിയെത്തിയ മാതാപിതാക്കൾ ദൈവസന്നിധിയിൽ തങ്ങളുടെ കുഞ്ഞിനെ സമർപ്പിച്ചു. അവനവർ നിക്ക് എന്നു പേരിട്ടു. നിക്കിന്റെ സഹോദരനും സഹോദരിയും മാതാപിതാക്കൾക്കരികെയുണ്ടായിരുന്നു. അവരെ നോക്കി അമ്മ പറഞ്ഞു "മക്കളെ നിക്കിനു കരങ്ങളും പൂർണരൂപത്തിലുള്ള കാലുകളുമില്ല. നമ്മളവന്റെ കാലുകളും കരങ്ങളുമായിരിക്കണം."

"ശരി മമ്മാ ഞങ്ങളവനെ സ്നേഹത്തോടെ നോക്കിക്കൊള്ളാം. ഞങ്ങളെന്നുമവന് ഒരു നല്ല തുണയായിരിക്കും" നിക്കിന്റെ തലയിൽ തലോടികൊണ്ട് സഹോദരങ്ങൾ അമ്മക്കു വാക്കു നല്കി.

ദൈവ വിശ്വാസികളായ മാതാപിതാക്കൾ തങ്ങൾക്കു ലഭിച്ച പൈതൽ ദൈവത്തിന്റെ ദാനമാണെന്ന ഉറച്ച വിശ്വാസത്തിൽ അവനെ വളർത്തി.

കുറച്ചു വർഷങ്ങൾക്കു ശേഷം നിക്കും അവന്റെ കുടുംബവും മെൽബണിൽ നിന്നും ഓസ്ട്രേലിയായിലെ ബ്രിസ്ബണിലേക്ക് താമസം മാറ്റി. കണ്ടും കേട്ടും പുതിയ സ്ഥലത്ത് നിക്ക് വളർന്നു. തുണയായി മാതാപിതാക്കളും സഹോദരങ്ങളും കൂട്ടുകാരും.



പത്തുവയസുള്ളപ്പോൾ നിക്കിൽ ഒരു നിരാശ ബോധമുണ്ടായി. "ഞാനെന്തിനു ജീവിക്കുന്നു, ഞാനെല്ലാവർക്കും ഒരു ഭാരമാണല്ലോ. കാലുകളും, കൈകളുമില്ലാത്ത ഞാനെങ്ങനെ ജീവിക്കും" ഈ ചിന്ത അവനിലൊരു അപകർഷതാബോധം വളർത്തി. ജീവിതം അവസാനിപ്പിക്കാൻ കൊച്ച് നിക്ക് വീട്ടിലെ ബാത്ത്റൂബിൽ മുങ്ങി. പല തവണ മുങ്ങാൻ ശ്രമിച്ചിട്ടും പൂർണ്ണമായി മുങ്ങാൻ പറ്റാത്ത അവസ്ഥ.

"എന്നെപ്പറ്റി ദൈവത്തിനെന്തോ ഉദ്ദേശ്യമുണ്ട്. അല്ലെങ്കിൽ വെള്ളത്തിനടിയിൽ ബലമായി കിടക്കാൻ ശ്രമിച്ചിട്ടും എന്നെ അങ്ങു സമ്മതിക്കുന്നില്ല. കരങ്ങളില്ലാത്ത വളർച്ച മുഴുവനില്ലാത്ത കാലുകളുള്ള എന്നെ അങ്ങു എന്തിന് വെള്ളത്തിനു മുകളിലേക്കുയർത്തി അങ്ങയുടെ ഉദ്ദേശ്യം എനിക്കു കാണിച്ചു തരണമേ."

"മകനെ ഏതു സൃഷ്ടിക്കും ഒരു ഉദ്ദേശ്യമുണ്ട്. നിനക്കു കൈകളില്ല, പൂർണ്ണ വളർച്ചയില്ലാത്ത കാലുകളായിരിക്കും നിനക്കുള്ളത്. പക്ഷേ നിനക്കു സംസാരിക്കാം, ചിന്തിക്കാം, ചിന്തകൾ പങ്കു വയ്ക്കാം. പഠിക്കുക വളരുക" ആരോ അവന്റെ ഉള്ളിലിരുന്നു പറയുന്നതുപോലെ നിക്കിനു തോന്നി.

പുതിയ തീരുമാനത്തോടെ നിക്ക് തന്റെ പഠനത്തിൽ ശ്രദ്ധിച്ചു. എന്നാൽ പതിമൂന്നാമത്തെ വയസിൽ നിക്കിന്റെ കൊച്ചു കാലിൽ ഒരു മുറിവുണ്ടായി. ആകാരവടിവുകളില്ലാത്ത കൊച്ചുകാലുകളും വിരലുകളുമായിരുന്നു അവന്റെ ആകെ ബലം. കാലിലെ മുറിവ് നിക്കിന്റെ സ്വഭാവത്തിൽ സമൂല മാറ്റം വരുത്തി. പതിനഞ്ചാമത്തെ വയസിൽ തന്റെ ജീവിതം പൂർണ്ണമായും ദൈവത്തിനു സമർപ്പിച്ചു. വിജയ യാത്രയുടെ തുടക്കം നിക്ക് അവിടെ നിന്നാരംഭിച്ചു.


നിക്ക് പഠിച്ച സ്കൂളിന്റെ കാവൽക്കാരൻ ഒരിക്കൽ നിക്കിനോട് പറഞ്ഞു. "കുട്ടി നിന്റെ വിശ്വാസവും ഇതുവരെ നീ വളർന്ന പ്രതികൂല സാഹചര്യങ്ങളും, നിനക്ക് ലഭിച്ച പരിമിതികളുള്ള വളർച്ചയും, ആ വളർച്ചയിലും നീ നേടിയെടുത്ത നേട്ടങ്ങളുമെല്ലാം മറ്റു കുട്ടികളോട് പങ്കു വയ്ക്കുക. പൂർണ്ണ വളർച്ചയുള്ള കുട്ടികൾക്കും, അംഗവൈകല്യമുള്ള കുട്ടികൾക്കുമതൊരു പ്രയോജനമായിരിക്കും. ശ്രമിക്കുക നിന്നെ ലോകം അംഗീകരിക്കും."

നിസാരനെന്നു തോന്നുന്ന ആ കാവൽക്കാരന്റെ വാക്കുകൾ കേട്ട് നിക്ക് ചെറിയ ഗ്രൂപ്പുകളിൽ തന്റെ ജീവിതത്തിന്റെ പരിശ്രമങ്ങളെപ്പറ്റി പങ്കുവച്ചു. പടിപടിയായി കേൾവിക്കാരുടെ എണ്ണം കൂടി. പത്താംക്ലാസിലെ കുട്ടികൾക്ക് ക്ലാസ് എടുക്കുന്നതിന് നിക്കിന്റെ സ്കൂൾ അധികാരികൾ അവനോടാവശ്യപ്പെട്ടു. മൂന്നൂറ് കുട്ടികളുടെ മുമ്പിൽ ഞാനെന്തു പറയും? നിക്കിന്റെ കാലുകൾ വിറച്ചു തുടങ്ങി. നിക്കിന്റെ ജീവിതാനുഭവങ്ങൾ പങ്കു വച്ച് മൂന്ന് നിമിഷങ്ങൾ കഴിഞ്ഞപ്പോൾ പെൺകുട്ടികൾ കരഞ്ഞു തുടങ്ങി. എന്നാൽ ഒരു പെൺകുട്ടി ഏങ്ങലടിച്ച് കരയുന്നത് നിക്കിന്റെ ശ്രദ്ധയിൽ പെട്ടു.

അവൾ നിക്കിന്റെ അരികിൽ വന്നിട്ട് പറഞ്ഞു "നിക്ക് എങ്ങനെ നിന്നോട് പറയണമെന്നെനിക്കറിയില്ല എന്നാൽ നിന്നെ എനിക്കെടുക്കാൻ സാധിക്കും. നിന്നെ ഞാനെടുത്ത് എന്റെ കൂട്ടുകാരുടെ അടുത്തേക്കു കൊണ്ടുപോകട്ടെ" നിക്കിന്റെ സമ്മതത്തോടെ അവൾ നിക്കിനെ എടുത്ത് മീറ്റിങ്ങിൽ സംബന്ധിച്ച എല്ലാ കുട്ടികളുടെയും അടുത്ത് കൊണ്ടു ചെന്നു. ആ ത്യാഗപൂർണ്ണമായ പ്രവൃത്തി ചെയ്തപ്പോഴും നിക്കിന്റെ ചെവിയിൽ അവൾ പറഞ്ഞു "നന്ദി, നന്ദി, നന്ദി. എന്റെ ജീവിതത്തിൽ ആരുമിതുവരെ എന്നെ സ്നേഹിക്കുന്നെന്നോ, ഞാനൊരു സുന്ദരിയാണെന്നോ പറഞ്ഞിട്ടില്ല, നിക്ക് നിന്റെ പ്രസംഗത്തിൽ സുന്ദരന്മാരെ സുന്ദരികളെ എന്നു പറഞ്ഞപ്പോൾ അതെന്നോട് പറയുന്നതുപോലെ തോന്നി, നന്ദി നിക്ക്" അവൾ പറഞ്ഞു നിർത്തി. നിക്കിന്റെ പ്രസംഗത്തിന്റെ ശക്തി അവനറിഞ്ഞതപ്പോഴാണ്. നിസാരനായ കാവൽക്കാരന്റെയും, തന്നെ ചുമന്ന പെൺകുട്ടിയുടെയും വാക്കുകൾ അവനൊരു പുത്തനുണർവ് നല്കി.

അക്കൗണ്ടൻസിയിലും, സാമ്പത്തിക ശാസ്ത്രത്തിലും കലാശാലയിൽ അഭ്യസിക്കുമ്പോഴും നിക്ക് തന്റെ പ്രസംഗകലയും വളർത്തികൊണ്ടിരുന്നു. നിക്കിന് സമർത്ഥനായ ഒരു പ്രസംഗകന്റെ സഹായം ഈ ഉദ്യമത്തിൽ അവനു സഹായകരമായി. പ്രസംഗത്തിലെ ആംഗ്യങ്ങൾ എങ്ങനെ പ്രയോഗിക്കണമെന്നവന് ഈ സഹായി അവനെ പഠിപ്പിച്ചു. കൈകളില്ലാത്ത, പൂർണ്ണരൂപമില്ലാത്ത കാലുകളിൽ നിന്നുള്ള നിക്കിന്റെ ശരീരം ആട്ടിയുള്ള സംഭാഷണവും പ്രസംഗവും അനേകരെ നിക്കിലേക്കാകർഷിച്ചു. ഒപ്പം അവരുടെ ജീവിതശൈലിയിലെ മാറ്റത്തിന് പ്രഭാഷണങ്ങൾ സഹായകരവുമായി.

നിക്ക് വുജി എന്നു മുഴുപ്പേരുള്ള ലോകമറിയുന്ന പ്രചോദനാത്മക പ്രസംഗകന്റെ നിലയിലേക്ക് നിക്കിന്നു വളർന്നു കഴിഞ്ഞു. അനേകരുടെ ആശംസകളും പ്രശംസകളും നിക്കിനെ തേടിയെത്തുമ്പോഴും കൂടുതൽ കൂടുതൽ വിനയാന്വിതനാകുന്ന നിക്കിനെയാണ് നാം കാണുന്നത്. "വലിയ സ്വപ്നങ്ങൾ നിങ്ങൾ കാണൂ, സ്വപ്നങ്ങളെ വിട്ടു കളയരുത്, ശുഭാപ്തിവിശ്വാസം വളർത്തുക, നല്ല കാഴ്ചപ്പാടുകളും ആദർശങ്ങളും, വിശ്വാസങ്ങളും ജീവിതത്തിൽ പിൻതുടരുക" നിക്കിന്റെ ഈ വാക്കുകളിൽ കൂടുതൽ എന്തു പറയാൻ.



**നൈനാൻ കെ. ജേക്കബ്**

വായിച്ചു കൊടുക്കാൻ



*(ചിത്രത്തിനു പകരം "ഞ്യാവൂ" എന്ന് വായിക്കുക)*

**റെന്നി ജോസഫ് (ആർ. ജെ.)**


ഒരിക്കൽ ഒരു  വലിയൊരു കിണറിന്റെ വക്കിൽ ഇരിക്കുകയായിരുന്നു. താഴെ വെള്ളത്തിൽ മീനുകൾ ഓടി കളിക്കുന്നതു കണ്ടപ്പോൾ  ന്റെ വായിൽ വെള്ളം നിറഞ്ഞു.  ചിന്തിച്ചു ആ മീനുകളിൽ ഒന്നിനെയെങ്കിലും കിട്ടിയിരുന്നെങ്കിൽ. അങ്ങനെ ആലോചിച്ചിരുന്നപ്പോൾ  ന്റെ ഉള്ള വിശപ്പു കൂടി കൂടി വന്നു.  തല പുകഞ്ഞാലോചിച്ചു, പെട്ടെന്നൊരാശയം കിട്ടിയതു പോലെ ചാടിയെഴുന്നേറ്റു. മെല്ലെ ശ്രദ്ധിച്ച് കിണറിന്റെ വക്കിലൂടെ താഴേക്ക് ഇറങ്ങി. എന്നിട്ട് വെള്ളത്തിനരികിൽ എത്തിയപ്പോൾ  തന്റെ കിങ്ങിണി വാൽ വെള്ളത്തിലിട്ട് മെല്ലെ അനക്കുവാൻ തുടങ്ങി. അതു കണ്ട് അത്ഭുതപ്പെട്ട മീൻകൂട്ടമെല്ലാം ഓടി അരികിലെത്തി ഓരോന്നായി മെല്ലെ  ന്റെ വാലിൽ കൊത്തുവാൻ തുടങ്ങി. മീനിനെ എല്ലാം ഒന്നിച്ച് കണ്ട് ആവേശം മൂത്ത് അവയെ പിടിക്കുവാൻ ആഞ്ഞ  അയ്യോ ദാ കിടക്കുന്നു കിണറ്റിൽ. കിണറ്റിൽ വെള്ളത്തിൽ കിടന്ന്  ഉറക്കെ കരഞ്ഞു. അതു കേട്ട് പിങ്കിയമ്മ ഓടി വന്ന് തൊട്ടി താഴെയിറക്കി  നെ മെല്ലെ കോരി കരയിലെത്തിച്ചു. തോർത്ത് കൊണ്ട് തുടച്ച് തിണ്ണയിലിരുത്തി അടുക്കളയിൽ നിന്നും മുട്ടനൊരു മീൻ കഷണവും നൽകി.  ചിന്തിച്ചു. വെറുതെ അബദ്ധം കാണിക്കേണ്ടായിരുന്നു. അമിതമായി ആഗ്രഹിക്കുന്നത് നമ്മെ അപകടത്തിലാക്കും.



**വ്യത്യാസമുള്ളത് കണ്ടെത്തി നിറം കൊടുക്കൂ...**



**ശരിയായ നിറം വരച്ച് ചേർക്കുക...**





**കുത്തുകളിലൂടെ വരച്ച് പേര് ഉറക്കെ പറയുക**



# സമയമാം രഥത്തിൽ....

തൂക്കുമരത്തിനടുത്തേക്ക് നടന്നു നീങ്ങുന്ന രണ്ടു തടവുകാർ. മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട അവരുടെ മുഖങ്ങളിൽ സാധാരണ കാണാറുള്ള ഭീതിയോ ദൈന്യതയോ കാണാനില്ല. തൂക്കുകയറിനു കീഴിൽ നിന്ന് നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന നയനങ്ങളോടെ അവർ ഉറക്കെ പാടി.... “പാപക്കടം തീർക്കുവാൻ, യേശുവിൻ രക്തം മാത്രം....” സഹോദരതുല്യരായി തങ്ങളെ സ്നേഹിച്ച് രക്ഷയിലേക്ക് നയിച്ച നാഗൽ സായ്പ് എഴുതി ഈണം പകർന്ന ആ പാട്ട് സായിപ്പിന്റെ സാന്നിദ്ധ്യത്തിൽ പാടിക്കൊണ്ടാണ് ആ രണ്ടു കൊലപാതകികളും മരണത്തെ വരിച്ചത്. തങ്ങളുടെ പാപങ്ങൾക്ക് പരിഹാരമായി ക്രൂശിൽ മരിച്ച് തങ്ങളുടെ ആത്മാവിനെ നിത്യമായ നാശത്തിൽനിന്നും വിടുവിച്ച യേശുവിന്റെ അരികിലേക്കാണ് തങ്ങൾ യാത്രയാകുന്നത് എന്ന ഉത്തമ ബോധ്യം അവർക്കുണ്ടായിരുന്നു. അടുത്തുനിന്ന് ആ യാത്രയ്ക്ക് സാക്ഷിയായ നാഗൽ സായ്പ്പിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു....



1867 നവംബർ മൂന്നിനു ജർമ്മനിയിലെ ഹേസ്സൻ നഗരത്തിൽ ജനിച്ചു വളർന്ന നാഗൽ ഒരിക്കൽ സഞ്ചാരസുവിശേഷകനായ ഒരു ചെരുപ്പുകുത്തിയെ പരിചയപ്പെടുവാനിടയായി. ആ കൂടിക്കാഴ്ച അദ്ദേഹത്തിന്റെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവായി മാറി. അയാളിലൂടെ കേൾക്കപ്പെട്ട സുവിശേഷം നാഗലിന്റെ ഉള്ളിൽ പുതിയൊരു ഉന്മേഷം പകർന്നു, ഹൃദയം അവാച്യമായ ഒരു പ്രത്യേക സന്തോഷം കൊണ്ടു നിറഞ്ഞു. തന്നെ മുഴുവനായി യേശുവിന്റെ പാദപീഠത്തിൽ അദ്ദേഹം സമർപ്പിച്ചു.

സുവിശേഷീകരണം തന്റെ ഏറ്റവും വലിയ ദൗത്യമാണെന്ന് തിരിച്ചറിഞ്ഞ നാഗൽ, ദൈവവചനപഠനത്തിനുശേഷം ഒരു മിഷണറിയായി ഇന്ത്യയിലേക്ക് തിരിച്ചു. കേരളത്തിലെ കണ്ണൂരിൽ എത്തിയ അദ്ദേഹം പിന്നീട് വാണിയംകുളത്തേക്ക് മാറി.

തന്നെ അയച്ച മിഷൻ സംഘടനയുമായി ബന്ധം ഉപേക്ഷിച്ച് സ്വതന്ത്ര സുവിശേഷപ്രവർത്തനങ്ങൾക്ക് തയ്യാറായ നാഗൽ, തന്റെ സാധനങ്ങൾ ഒരു കാളവണ്ടിയിൽ കയറ്റി എങ്ങോട്ടെന്നില്ലാതെ യാത്രയാരംഭിച്ചു. കൈയിൽ അവശേഷിച്ചിരുന്ന പത്തു രൂപയും കുറച്ചു ചില്ലറ നാണയങ്ങളും തീരുന്നിടത്തുവച്ച് കാളവണ്ടിക്കാരനെ പിരിച്ചുവിടാം എന്നു താൻ മനസ്സിൽ കരുതിയിരുന്നു. കുറേ വഴി ദൂരം സഞ്ചരിച്ചതിനുശേഷം അൽപം വിശ്രമിക്കുന്നതിനായി “പ്രാർത്ഥനാമന്ദിരം” എന്ന ബോർഡ് തൂക്കിയ ഒരു കെട്ടിടത്തിനു മുന്നിൽ വണ്ടി നിർത്താൻ നാഗൽ ആവശ്യപ്പെട്ടു. കുന്നംകുളം എന്ന സ്ഥലമായിരുന്നു അത്. പാറമേൽ ഇട്ടൂപ്പ് എന്ന ഭക്തനായ ഒരു മനുഷ്യൻ, ദൈവവേലയ്ക്കുവേണ്ടി പണികഴിപ്പിച്ച ആ കെട്ടിടം കേന്ദ്രീകരിച്ച് ദൈവവേല ചെയ്യുവാൻ ഒരു മിഷണറിയെ അയയ്ക്കണമേ എന്ന് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. തനിക്ക് യോജ്യമായ ഒരിടത്ത് ദൈവഹിതപ്രകാരം തന്നെ അയയ്ക്കണമേ എന്നായിരുന്നു നാഗലിന്റെ പ്രാർത്ഥന. ഈ രണ്ട് ഭക്തന്മാരുടെ പ്രാർത്ഥനകൾക്കും ഉള്ള ഉത്തരമായി ദൈവം നാഗലിനെ അവിടെ എത്തിക്കുകയായിരുന്നു. പിന്നീട് നാഗലിന്റെ കഠിനവും നിസ്വാർത്ഥവുമായ പ്രവർത്തനങ്ങളിലൂടെ അവിടെ ഒരു സഭ രൂപം കൊള്ളുകയും അനേകർ രക്ഷിക്കപ്പെട്ട് സഭയോട് ചേരുകയും ചെയ്തു. മലയാളം പഠിച്ച് മലയാളത്തിൽ പ്രസംഗിക്കുകയും പാടുകയും ചെയ്യുമായിരുന്ന നാഗൽ അതിവേഗം നാട്ടുകാരുടെ പ്രിയങ്കരനായ “നാഗൽ സായ്പ്” ആയി മാറി.



1897-ൽ ഹാരിയറ്റ് മിച്ചൽ എന്ന ആംഗ്ലോ ഇന്ത്യൻ യുവതിയെ നാഗൽ വിവാഹം ചെയ്തു. അദ്ധ്യാപികയായ മിച്ചൽ ജർമ്മൻകാരനായ നാഗലിന്റെ ഇംഗ്ലീഷ് ഭാഷയിലെ കുറവുകൾ പരിഹരിക്കുന്നതിന് നല്ലൊരു സഹായി കൂടെയായി മാറി. സന്തോഷകരമായ ആ ദാമ്പത്യത്തിൽ ഏഴു കുഞ്ഞുങ്ങൾ ജനിച്ചു. അവരിൽ രണ്ടുപേർ ശൈശവദശയിൽ തന്നെ മരണപ്പെടുകയുണ്ടായി. മൂന്നാമത്തെ മകനും പിന്നീട് ലോകം വിട്ട് മാറ്റപ്പെട്ടു. എങ്കിലും പതറാതെ, തളരാതെ, ദൈവസന്നിധിയിൽ നാഗൽ ഉറച്ചു തന്നെ നിന്നു.

ഒരു സ്ഥലത്ത് ഒരു സഭ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ മറ്റൊരിടത്തേക്ക് പോയി അവിടെ ഒരു പുതിയ പ്രവർത്തനത്തിലൂടെ പുതിയ സഭ സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനശൈലി. കുന്നംകുളത്ത് നിന്ന് തൃശ്ശൂരിലെ നെല്ലിക്കുന്നത്തേക്കായിരുന്നു അദ്ദേഹത്തിന്റെ അടുത്ത യാത്ര. ഇവിടെയും കർത്താവിന്റെ അതിമഹത്തായ ഒരു വേല താൻ ചെയ്തു. അനാഥരായ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വൃദ്ധമാതാക്കൾക്കുമായി ഇവിടെ നാഗലിലൂടെ സ്ഥാപിക്കപ്പെട്ട ‘രെഹബോത്ത്’ എന്ന അനാഥാലയം നൂറുവർഷത്തിലധികം പ്രവർത്തനപാരമ്പര്യത്തോടെ ഇന്നും നിലനിൽക്കുന്നു.



തന്റെ തൂലികയിൽനിന്നും ശുദ്ധ മലയാളഭാഷയിൽ അടർന്നുവീണ മധുര മനോഹരങ്ങളായ ധാരാളം ഗാനങ്ങൾ ഇന്നും ക്രൈസ്തവകൈരളിക്ക് വിലമതിക്കാനാവാത്ത രത്നങ്ങളായി നിലനില്ക്കുന്നു. അനേക ഭക്തർ പാടി ആശ്വസിക്കുന്ന “യേശുവേ അങ്ങെ രൂപമീ എന്റെ കണ്ണുകൾക്കെത്ര സൗന്ദര്യം....”, “യേശുവേപ്പോലെ ആകുവാൻ...”, സമയമാം രഥത്തിൽ ഞാൻ.... തുടങ്ങിയ പാട്ടുകൾ ഉദാഹരണങ്ങളാണ്.

1927 മേയ് 21-ാം തീയതി “സമയമാം രഥത്തിലെ” തന്റെ ഭൂയാത്ര അവസാനിപ്പിച്ചിട്ട്, നാഗൽ തന്റെ രക്ഷകന്റെ അടുക്കലേക്ക് മടങ്ങി.

**ഷൈലാ മാത്യൂ**

ആർ.ജെ.

# ഭാഗ്യവാൻ

## മിടുക്കനായൊരു മണ്ടൻ

ഭാഗ്യവാൻ മിടുക്കനായിരുന്നു. പക്ഷേ പലപ്പോഴും പേരുപോലെ തന്നെ ഭാഗ്യംകൊണ്ടായിരുന്നു പല മണ്ടത്തരങ്ങളിൽ നിന്നും അവൻ രക്ഷപ്പെട്ടിരുന്നത്.









ഈ പേജ് മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക.

# സമ്മാനം.. സമ്മാനം..

ഇത് നിങ്ങളുടെ പേജാണ്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ എന്തും ഇവിടെ ചെയ്യാം. കഥയോ, കവിതയോ, ചിത്രം വരയ്ക്കുകയോ, പെയിന്റിംഗ് ചെയ്യുകയോ അങ്ങനെ എന്തും. എന്നിട്ട് ഇതിന്റെ പുറകിലെ താളിൽ കൊടുത്തിരിക്കുന്ന മത്സരത്തിൽ പങ്കെടുക്കൂ. കിടിലൻ സമ്മാനങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു. വേഗമാകട്ടെ നിങ്ങളുടെ സൃഷ്ടികൾ ഏപ്രിൽ 15 നു മുൻപായി താഴെകൊടുത്തിരിക്കുന്ന വിലാസത്തിൽ ഞങ്ങൾക്ക് ലഭിച്ചിരിക്കണം.

# ചോദ്യം ഉണ്ടാക്കാമോ?

താഴെ ചില ഉത്തരങ്ങൾ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു കാണുമല്ലോ. എന്നാൽ അതിനു മനോഹരമായ ചോദ്യങ്ങൾ ഉണ്ടാക്കുക എന്നതാണ് മത്സരം. ചോദ്യങ്ങൾ രസകരവും, എന്നാൽ ചിന്തനീയവുമായിരിക്കേണം. തിരഞ്ഞെടുക്കപ്പെടുന്ന മികച്ച അഞ്ച് ചോദ്യങ്ങൾക്ക് അടിപൊളി സമ്മാനങ്ങൾ കാത്തിരിക്കുന്നു. ഓർക്കുക സൃഷ്ടികളും ചോദ്യങ്ങളും നിങ്ങളുടേത് തന്നെയാവണം.

**ചോദ്യം 1** :

ഉത്തരം 1 : കഴുത

**ചോദ്യം 2** :

ഉത്തരം 2 : തേങ്ങ

**ചോദ്യം 3** :

ഉത്തരം 3 : ഉറുമ്പ്

**ചോദ്യം 4** :

ഉത്തരം 4 : കാക്ക കണ്ണട വെച്ചിട്ടുണ്ടായിരുന്നു.

**ചോദ്യം 5** :

ഉത്തരം 5 : ദൈവം എല്ലാം കരുതിക്കൊള്ളും.


ഈ ഉത്തരങ്ങൾക്ക് അനുയോജ്യമായ ചോദ്യങ്ങളും നിങ്ങളുടെ കലാസൃഷ്ടികളും ഞങ്ങൾക്ക് അയച്ചു തരിക. മികച്ചത് അടുത്ത ലക്കം പ്രസിദ്ധീകരിക്കുന്നതാണ്.

**അയയ്ക്കേണ്ട വിലാസം:**

സമ്മാനം, സമ്മാനം, നന്മ,
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്
മൗണ്ട് സിയോൻ, മുളക്കുഴ 689 505
E: cgisundayschool@gmail.com
W: www.cgisundayschool.org





Angel P. Salu
Class VI

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **JANUARY** | | | | | | |
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **APRIL** | | | | | | |
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **JULY** | | | | | | |
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **OCTOBER** | | | | | | |
| 30 | 31 | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **FEBRUARY** | | | | | | |
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | | | | | |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **MAY** | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **AUGUST** | | | | | | |
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **NOVEMBER** | | | | | | |
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **MARCH** | | | | | | |
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **JUNE** | | | | | | |
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **SEPTEMBER** | | | | | | |
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

| su | mo | tu | we | th | fr | sa |
|---|---|---|---|---|---|---|
| **DECEMBER** | | | | | | |
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |




ഇവിടെ പശ തേയ്ക്കുക

## കൗൺസിലറോടു ചോദിക്കാം?

ഡോ. സജി കെ.പി.



**ചോദ്യം:** *സർ, പഠനനിലവാരം നന്നായി ഉയർത്തിക്കൊണ്ടുവരണം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നയാളാണ് ഞാൻ. പക്ഷേ പരീക്ഷാഹോളിൽ പ്രവേശിക്കുമ്പോൾ പഠിച്ചതെല്ലാം മറന്നുപോകുന്നു. എന്താണിതിനു പരിഹാരം.*

**ഉത്തരം:** പരീക്ഷാഹോളിൽ എല്ലാം മറന്നുപോകുന്നതിന് ഒന്നാമത്തെ കാരണം അമിതമായ ഭയമാണ്. അതിൽ നിന്ന് നിങ്ങൾ കരകയറണം. പരീക്ഷാസമയത്ത്, ചോദ്യപേപ്പറിലേക്കു നോക്കുന്നതിനു മുമ്പ് ഒരു നിമിഷം കണ്ണടച്ച് ശാന്തമായി പ്രാർത്ഥിക്കുന്നത് ശീലമാക്കുക. നിങ്ങളുടെ കൂടെ പരീക്ഷാഹോളിൽ കർത്താവ് ഉണ്ട് എന്ന് വിശ്വസിക്കുക.

രണ്ടാമതായി സ്വന്തം മെമ്മറിയുടെ സ്വഭാവത്തെ തിരിച്ചറിയണം. ചിലർക്ക് ഫോട്ടോജനിക് മെമ്മറിയും മറ്റു ചിലർക്ക് ഫോണോജനിക്ക് മെമ്മറിയുമാണ് ഉള്ളത്. ഫോട്ടജനിക് മെമ്മറിയുള്ളവർ പഠിക്കുന്ന പേജിലെ ദൃശ്യങ്ങൾ ഫോട്ടോ എടുക്കുന്നതുപോലെ നോക്കി ഹൃദയത്തിൽ പതിപ്പിക്കുന്നു. അങ്ങനെയുള്ളവർ പല വസ്തുതകൾ പല കളറിൽ ആക്കി പേജിൽ എഴുതുക, വായിക്കുന്നവ അടിവരയിടുക, പഠിക്കുന്ന കാര്യത്തെ ഒരു ചിത്രമാക്കി പ്രതിനിധീകരിച്ചു മനസ്സിലാക്കി പഠിക്കുക. അങ്ങനെ കാര്യങ്ങളെ നന്നായി ഓർത്തിരിക്കുക.

ഫോണോജനിക് മെമ്മറിയുള്ളവർ കഴിവതും കൂട്ടുകാരോടു കൂടെയിരുന്ന് പഠിക്കുക. കാര്യങ്ങൾ ചർച്ച ചെയ്ത് പഠിക്കുവാൻ ശ്രമിക്കുന്നത് നന്നായിരിക്കും. ഇത്തരക്കാർ കേട്ടുപഠിക്കുമ്പോഴാണ് വായിച്ചു പഠിക്കുന്നതിനേക്കാൾ നന്നായി കാര്യങ്ങൾ ഓർത്തിരിക്കുക. നിങ്ങളുടെ ഓർമ്മശക്തി ഇത്തരത്തിലാണെങ്കിൽ പഠിക്കാനുള്ള പാഠങ്ങൾ ആരെങ്കിലും ഒന്നു വായിച്ചു കേൾപ്പിക്കാൻ ഉണ്ടെങ്കിൽ നിങ്ങൾ പെട്ടെന്ന് പഠിക്കുകയും ഓർത്തിരിക്കുകയും ചെയ്യും.

അതുപോലെ തന്നെയാണ് പഠിക്കാൻ ഇരിക്കുന്ന സമയവും. ചിലർക്കു രാത്രി എത്ര മണിവരെയും ഇരുന്ന് പഠിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. പക്ഷേ രാവിലെ എഴുന്നേൽക്കാൻ അവർക്കാവില്ല. എന്നാൽ മറ്റു ചിലർ നേരെ തിരിച്ചാണ്. രാത്രി ഇരുന്നു പഠിക്കാൻ അവർക്കാകില്ല. പക്ഷേ രാവിലെ നേരത്തെ എഴുന്നേറ്റു പഠിക്കാൻ അവർക്ക് സാധിക്കും. നിങ്ങളുടെ സമയം തിരിച്ചറിഞ്ഞ് ആ സമയത്ത് പഠിക്കാൻ ഉത്സാഹിക്കുക. പഠനത്തിന് ഒരു ടൈംടേബിൾ ഉണ്ടാകണം. പഠിക്കാനുള്ളതെല്ലാം കൂട്ടി വച്ചിട്ട് അവസാനം ഒറ്റയടിക്ക് എല്ലാം പഠിക്കാം എന്നു വിചാരിച്ചാൽ നിരാശയാകും ഫലം. പരീക്ഷയുടെ തലേന്ന് ഉറങ്ങാതെയിരുന്ന് പഠിച്ചാൽ പരീക്ഷാഹോളിൽ പിറ്റേദിവസം നിങ്ങൾക്ക് ക്ഷീണവും ഓർമ്മക്കുറവും തലവേദനയും തലകറക്കവുമൊക്കെ ഉണ്ടാവും.

നിങ്ങളുടെ സംശയങ്ങൾ ഞങ്ങൾക്ക് എഴുതുക:കൗൺസിലറോട് ചോദിക്കാം, നന്മ, സൺഡേസ്കൂൾ ഡിപ്പാർട്ടുമെന്റ്, മുളക്കുഴ 689 505





# സ്വർണ്ണമീനും കറുമ്പനും

ബിജു കെ. ജോൺ, കോട്ടയം

ഒരിടത്തൊരു കുളത്തിൽ ഒരു സ്വർണ്ണമീനും, ഒരു കറുത്ത മീനും താമസിച്ചിരുന്നു. സ്വർണ്ണമീൻ അവന്റെ കഴിവിലും നിറത്തിലും അഹങ്കരിച്ചിരുന്നു. കറുത്തമീനോട് അവനു പുച്ഛമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം വെള്ളപ്പൊക്കത്തിൽ കുളം നിറഞ്ഞ് കവിഞ്ഞപ്പോൾ ഒരു വലിയ മീൻ കുളത്തിലെത്തി. ആ വലിയ മീൻ ആദ്യം കണ്ടത് തിളങ്ങി നിൽക്കുന്ന സ്വർണ്ണമീനിനെയാണ്.

സ്വർണ്ണമീനിനെ വിഴുങ്ങാനായി വായ് പിളർന്ന് വലിയ മീനെത്തിയപ്പോൾ സ്വർണ്ണമീൻ "രക്ഷിക്കണേ"യെന്നു നിലവിളിച്ചു. അപ്പോൾ വലിയ മീനിന്റെ പുറകിൽ ഉണ്ടായിരുന്ന കറുമ്പൻ അവന്റെ ചെകിളയിൽ കടിച്ചു. വേദനയോടെ തിരിഞ്ഞുനോക്കിയ വമ്പൻ കറുത്തതെന്തോ വന്ന് തന്നെ കടിച്ചതു കണ്ടു.

ഇനി രക്ഷയില്ലെന്നു മനസ്സിലാക്കിയ അവൻ അവിടുന്ന് വേഗം സ്ഥലം വിട്ടു. അഹങ്കാരം മാറിയ സ്വർണ്ണമീൻ കറുമ്പനോടു സ്നേഹത്തോടെ പറഞ്ഞു "നിന്റെ കറുത്ത നിറമാ എന്നെ രക്ഷിച്ചത്" ദൈവം സൃഷ്ടിച്ച ഓരോന്നിനും അതാതിന്റെ മഹത്വമുണ്ട്. എന്നെയും നിന്നെയും സൃഷ്ടിച്ച ദൈവം എത്ര വലിയവൻ.

"ദൈവസൃഷ്ടിയെല്ലാം നല്ലതു തന്നെ".



# ടെക്കനും ടെക്കിയും

⏭ ഫെബ്രുവരി 2016 ⏭

നേര് പറയും നേരെ പറയും



**ടെക്നോ ഫെസ്റ്റ് 2016**
**കേരളത്തിൽ കണ്ടെത്തലുകളുടെ സംഗമവേദി**

## മൊബികളുടെ ആഗോള സമ്മേളനം കേരളത്തിൽ



*സ്വന്തം ലേഖകൻ*

**തിരുവനന്തപുരം:** ● ആധുനിക കാലത്തെ മൊബൈൽ കുട്ടന്മാരുടെ ആഗോള സമ്മേളനം കേരളത്തിൽ തന്നെ നടത്തുവാൻ മൊബികൾ തീരുമാനിച്ചു. ലോകത്തിലെ പല പ്രമുഖ രാഷ്ട്രങ്ങളുടെയും സമ്മർദ്ദം അതിജീവിച്ചാണ് നമ്മുടെ ഈ കൊച്ചു കേരളമാണ് അതിനു പറ്റിയ ഇടം എന്ന് മൊബി സംഘടന കണ്ടെത്തിയത്. കേരളത്തിലെ മുതിർന്നവരും കുട്ടികളും ഒരുപോലെ പുതിയ മൊബൈലുകൾ തേടിപ്പായുന്നതായാണ് പുതിയ പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഇങ്ങനെയായാൽ താമസിയാതെ തന്നെ ഗോഡ്സ് ഓൺ കൺട്രി എന്നത് മൊബൈൽസ് ഓൺ കൺട്രി യായി മാറുമെന്ന് അവർ പ്രത്യാശിക്കുന്നു.

ഇതിന്റെ ചുവടുപിടിച്ചാണ് സമ്മേളനം കേരളത്തിൽ തന്നെ മതി എന്ന് മൊബികൾ തീരുമാനിച്ചത്. വേദി കേരളത്തിൽ എവിടെയായിരിക്കും എന്ന് പിന്നീട് തീരുമാനിക്കും എന്ന് മൊബികളുടെ ആഗോള തലവൻ സാംസംങ് അണ്ണൻ പറഞ്ഞു. ഫെയ്സ് ബുക്കും, വാട്സപ്പും, ഗെയിമുകൾ ഒക്കെയായി കൂട്ടുകാരൊക്കെ ദുരുപയോഗം ചെയ്ത് നരകവാതിലിനോട് അടുക്കുന്നതായും ചിലർക്ക് ആശങ്കയുണ്ട്.

## നോക്കിയയുടെ വിടവാങ്ങൽ നോക്കി തുളുമ്പുന്ന കണ്ണുകൾ




മൊബിലോകത്തെ രാജാവ് നോക്കിയായുടെ വിടവാങ്ങൽ നിറകണ്ണുകളോടെ നോക്കി മൊബിക്കൂട്ടം. ഒരുകാലത്ത് മൊബികളെ അടക്കിവാണിരുന്ന നോക്കിയയുടെ പതനം നിനച്ചിരിക്കാതെ വന്ന ഒരു മഹാ സംഭവമായിരുന്നു. നോക്കിയ നമുക്ക് നൽകുന്ന സന്ദേശം ശ്രദ്ധേയമാണ്. എത്ര വലിയവനായിരുന്നാലും അത് നോക്കിയയായാലും ഇല്ലെങ്കിലും അടിതെറ്റിയാൽ ആനയും വീഴും. ഓർത്തോളൂ നമ്മുടെ ജീവിതം ദൈവത്തോടൊപ്പം ശരിയായി പ്ലാൻ ചെയ്യൂ. വിജയകരമായി ജീവിക്കൂ.

## സോണി സ്വർഗ്ഗത്തിൽ ഉടമ നരകത്തിൽ

**ആലപ്പുഴ:** ● ഇന്നലെ ഞങ്ങളുടെ പ്രത്യേക ലേഖകന്റെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഞായറാഴ്ച കായംകുളത്ത് ഉണ്ടായ റോഡപകടത്തിൽ മരണപ്പെട്ട മൊബി സോണി സ്വർഗ്ഗത്തിൽ എത്തിയതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു. എന്നാൽ ഏറെ കൗതുകകരമായ വസ്തുത വാഹനമോടിക്കുമ്പോൾ മൊബൈൽ ഉപയോഗിക്കുന്നത് തെറ്റാണെന്നറിഞ്ഞിട്ടും അങ്ങനെ ചെയ്ത് അപകടത്തിൽപ്പെട്ട് ജീവൻ പൊലിഞ്ഞ സോണിയുടെ ഉടമസ്ഥൻ നരകത്തിൽ എത്തിയതായി സ്ഥിരീകരിക്കാത്ത റിപ്പോർട്ടും ലഭിച്ചിരിക്കുന്നു.

### നിര്യാതനായി



കൊച്ചവറാ ചേട്ടന്റെ 2015 മോഡൽ ലാവാ ഇന്നലെ നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

## പ്രായപൂർത്തിയാകാത്തവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

വഴി തെറ്റിക്കൽ ആപ്പ് പുറത്തിറക്കി. നേരേ നടക്കുന്ന കുട്ടികളെയും ചെറുപ്പക്കാരെയും വഴിതെറ്റിക്കാൻ ഇതാ അത്യുത്തമമായൊരു മാർഗ്ഗം. **ANFRAUD** അധിഷ്ഠിതമായ ഒരു സോഫ്റ്റ്‌വെയർ.

**ടെക്കന്റമ്മാവൻ ടെക്കീടമ്മായീ**




# അതിശയഗോളം

ആർ.ജെ

വട്ടം ചുറ്റും ഗോളം
അതിശയമാണീ ഭൂഗോളം
അതിരുകൾ അങ്ങ് വാനോളം
ഉയരെ നിൽക്കും മലയോളം
കീഴെ അതിരോ അലയോളം
കണ്ണെത്താ ദൂരം കടലോളം
തരുനിര തീർക്കും അടയാളം
ജീവൻ തിങ്ങും കരയോളം
ദൈവം പടച്ചതി ചെറുനാളം
അത്ഭുതമാണീ ചെറുഗോളം
അതിശയമാണീ ഭൂഗോളം.

എന്റെ തീരുമാനം




എന്റെ തീരുമാനം



## പദപ്രശ്നം

പ്രകൃതിയുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. അവയ്ക്ക് ഉത്തരം കണ്ടെത്തി ശരിയായ ചതുരങ്ങളിൽ എഴുതുക.




**⏭ വലത്തോട്ട്**

1) പ്രകൃതിയെ സംരക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഇദ്ദേഹമാണ് ഭൂമിയിൽ ഓക്സിജന്റെ അളവ് നില നിർത്തുവാൻ സഹായിക്കുന്നത്.
3) ഭൂമിയിലെ ജലം ദ്രുവങ്ങളിൽ കാണപ്പെടുന്ന അവസ്ഥ.
4) ഇവനെ നാം ശരിയായി കൈകാര്യം ചെയ്തില്ലെങ്കിൽ നാടു മുഴുവൻ ചീഞ്ഞ് നാറും.
6) നാം ഈ കാണുന്ന അത്ഭുതകരമായ പ്രകൃതിയെ നിർമ്മിച്ചത് ആരാണ്?

**⏭ ഇടത്തോട്ട്**

2) ഭൂമിയിൽ ജീവൻ പ്രധാനമായും കാണപ്പെടുന്നത് ............യിൽ ആണ്.
5) സമുദ്രത്തിൽ കാണുന്ന ഇദ്ദേഹം കാലാവസ്ഥ വ്യതിയാനത്തിനും പങ്കുവഹിക്കുന്നു.

**⏭ താഴോട്ട്**

1) പ്രകൃതിയിലെ കർഷകൻ എന്നറിയപ്പെടുന്ന ജീവി.
3) മഞ്ഞു മൂടിക്കിടക്കുന്ന ഈ കൊടുമുടി മഞ്ഞിന്റെ പേരിൽത്തന്നെയാണ് അറിയപ്പെടുന്നത്.

# പ്രകൃതി POSTER

**പ്രകൃതി സംരക്ഷണത്തിൽ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും. നിങ്ങളുടെ തീരുമാനം ഓരോ ചിത്രത്തിനും താഴെ എഴുതുക**



എന്റെ തീരുമാനം



ഉത്തരങ്ങൾ:
വലത്തോട്ട്: 1) മരം 3) ഹിമം 4) മാലിന്യം 6) ദൈവം
ഇടത്തോട്ട് : 2) കര 5) തിരമാല.
താഴോട്ട്: 1) മണ്ണിര 3) ഹിമാലയം.

# ഒരു മഴയും മഴയത്തൊരു കപ്പലും

ദൈവം നോഹയോട് ഒരു വലിയ കപ്പൽ ഉണ്ടാക്കുവാൻ പറഞ്ഞു. കപ്പൽ എന്നല്ല കേട്ടോ പെട്ടകം എന്നാ പറഞ്ഞത്. എങ്കിലും നമുക്ക് മനസ്സിലാകുന്ന ഭാഷയിൽ അതിനെ കപ്പൽ എന്നു വിളിക്കാം. എന്നിട്ട് എന്തുണ്ടായി?

ഇതു തന്നെയാ ഉണ്ടായത് വായിച്ചോളൂ...












# കുട്ടികൾക്കായുള്ള ക്രിസ്തീയ വിദ്യാഭ്യാസത്തിന്

# ഒരു നൂതന സൺഡേസ്കൂൾ പാഠ്യപദ്ധതി






**തിങ്കൾ മുതൽ വെള്ളി വരെ മുളക്കുഴയിലുള്ള സഭാ ഓഫീസിൽ പുസ്തകങ്ങൾ ലഭ്യമാണ്.**

- സഭാ വ്യത്യാസമില്ലാതെ എല്ലാവർക്കും ഉപയോഗിക്കാവുന്നത്
- പ്രീ-സ്കൂൾ മുതൽ യൂത്ത് ക്ലാസ് വരെയുള്ള 13 വർഷത്തെ സിലബസ്
- മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമാണ്
- കൊച്ചുകുട്ടികൾക്ക് ആക്ടിവിറ്റി അടങ്ങിയ വർക്ക് ബുക്ക്
- യൂത്ത് ക്ലാസിൽ പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ട ക്ലാസുകൾ

Published by : **SUNDAY SCHOOL DEPARTMENT**
Church of God in India, Mount Zion, Mulakuzha
Web: www.cgisundayschool.org
E-mail: cgisundayschool@gmail.com, Tel : 9446116764